(ബി) ഈ വർഷം 53599.65 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഉത്തരവിൻപ്രകാരം നെല്ല് സംഭരിക്കുന്ന ഏജൻസികൾക്ക് ക്വിന്റലിന് 85 രൂപാ നിരക്കിൽ ഹാന്റിലിംഗ് ചാർജ് അനുവദിച്ചുവരുന്നുണ്ട്. കൃഷിക്കാർ നെല്ല് സ്വന്തം ചെലവിൽ സംഭരണ ഏജൻസിയിൽ എത്തിച്ചാൽ ഇതിൽ 50 രൂപ കർഷകനും ബാക്കി 35 രൂപ സംഭരണ ഏജൻസിക്കും ലഭിക്കുന്നതാണ്. സംഭരണ ഏജൻസി കൃഷിക്കാരന്റെ കൃഷിയിടത്തിൽനിന്നും നെല്ല് സംഭരിച്ചാൽ 85 രൂപയും സംഭരണ ഏജൻസിക്ക് ലഭിക്കുന്നതാണ്. ഇതിനുപുറമേ സംഭരിക്കുന്ന നെല്ല് ഗോഡൗണിൽ സൂക്ഷിക്കുന്നതിന് ക്വിന്റലിന് 10 രൂപ നിരക്കിൽ ഗോഡൗൺ ചാർജ്ജ് ലഭിക്കുന്നതാണ്.

(ഡി) ഈ ഇനത്തിൽ ഇതുവരെ 156 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഇ) അത്താണി മില്ലിന് 2003-04-ൽ സംഭരണ ഇൻസെന്റീവ് ആയി 30,59,355 രൂപയും 2002-03-ൽ സിവിൽസപ്ലൈസ് കോർപ്പറേഷന് അരികൊടുത്ത വകയിൽ കിലോയ്ക്ക് 50 പൈസ നിരക്കിൽ 25 ലക്ഷം രൂപയും കൊടുക്കാനുണ്ട്. ആവശ്യമായ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത തുക കൊടുത്തു തീർക്കുന്നതാണ്.

നെല്ലുസംഭരണ പദ്ധതി

75 [394] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര ക്വിന്റൽ നെല്ലു വീതം സർക്കാർ ആഭിമുഖ്യത്തിൽ സംഭരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതുമൂലം നെൽകർഷകർക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നെല്ല് സംഭരണ പദ്ധതിയിൽ ഏതെല്ലാം ജില്ലകൾക്ക് സർക്കാർ സബ്സിഡി നൽകാനുണ്ടെന്നും പ്രസ്തുത തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) സബ്സിഡി നൽകുന്നതിനു കാലതാമസത്തിന്റെ കാരണം എന്താണെന്നും ഇതൊഴിവാക്കാനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-ൽ പാലക്കാട്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽനിന്നായി 5,02,930.74 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

പാലക്കാട്	208,525.09	ക്വിന്റൽ
കോട്ടയം	55,906.00	„
തൃശ്ശൂർ	53,559.65	„
ആലപ്പുഴ	184,900.00	„
ആകെ	502,930.74	ക്വിന്റൽ

(ബി) നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതുമൂലം കൊയ്ത്തുകാലത്ത് കർഷകർക്ക് നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനും തൻമൂലം നെൽകൃഷിയിൽനിന്നും കൂടുതൽ ലാഭം ലഭിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 2.6 കോടിരൂപയും കോട്ടയം ജില്ലയിൽ 0.03 കോടി രൂപയും തൃശ്ശൂർ ജില്ലയിൽ 1.5592 കോടി രൂപയും ആലപ്പുഴ ജില്ലയിൽ 1.4572 കോടി രൂപയും ഉൾപ്പെടെ 5.6464 കോടി രൂപ സബ്സിഡി ആയി നൽകാനുണ്ട്.

(ഡി) നെല്ല് സംഭരണത്തിന് അനുവദിക്കുന്ന തുക അതാത് സമയംതന്നെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകുകയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സംഭരണ ഏജൻസികളുടെ ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ കൈകാര്യ ചെലവ് മാറിനൽകുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം പ്രസ്തുത പദ്ധതിക്ക് മതിയായ തുക വകയിരുത്താൻ കഴിയാതെ വരുന്ന് സാഹചര്യങ്ങളിൽ സപ്ലിമെന്ററി ഡിമാന്റ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനു മതിയായ തുക ലഭ്യമാക്കുന്നുണ്ട്.

തകഴി മോഡേൺ റൈസ്മിൽ

76 [398] ശ്രീ. ഡി. സുഗതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പകുതിവഴിയിൽ എത്തിയ തകഴി മോഡേൺ റൈസ് മില്ലിന്റെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാടൻ കർഷകർക്ക് ഏറെ സഹായകമാകുന്ന ഈ റൈസ്മില്ലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനും കർഷകർക്ക് നെല്ലിനു ന്യായവില ഉറപ്പാക്കാനും ലക്ഷ്യമിട്ടുകൊണ്ട് തകഴി, വൈക്കം, ആലത്തൂർ എന്നിവിടങ്ങളിലായി അനുവദിച്ച മോഡേൺ റൈസ് മില്ലുകളുടെ നിർമ്മാണം ചില സാങ്കേതികവും പ്രായോഗികവുമായ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അനന്തര നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly